LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തൊഴിലാളി നേതാക്കളുമായി ചർച്ച നടത്താം. റിവ്യൂ പെറ്റീഷൻ പരിഗണനയ്ക്ക് വരുന്നതിനുമുമ്പുതന്നെ ഏത് സീനിയർ അഡ്വക്കേറ്റിനെ വയ്ക്കാമെന്നുള്ളതിനെ സംബന്ധിച്ച് തീരുമാനിക്കാം. തൊഴിലാളി പ്രതിനിധികൾ കക്ഷി ചേരുന്നതിനുള്ള സാധ്യത ലീഗലായി നോക്കാം. ഇതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നമുക്ക് ഒരുമിച്ച് ഒരു മീറ്റിംഗ് വയ്ക്കാം.

ശ്രീ. സി. ദിവാകരൻ: സർ, ലീഗൽ ഫൈറ്റ് കശുവണ്ടി വ്യവസായം തുടങ്ങിയ കാലം മുതൽക്കുള്ളതാണ്. പക്ഷെ, ഇപ്പോൾ അടിയന്തരമായി 13 കോടി രൂപ കൊടുക്കുന്നതിനുവേണ്ടി ക്യാബിനറ്റ് തീരുമാനം എടുത്തിട്ട് ഒരു മാസമായി, എന്നിട്ടും നൽകിയിട്ടില്ല. ബഡ്ജറ്റ് അലോക്കേഷനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം, തുക റിലീസ് ചെയ്യുന്നില്ല. അതാണ് അവിടുത്തെ തൊഴിലാളികളുടെ ഇപ്പോഴത്തെ പ്രശ്നം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം അറിയാം. ഫണ്ട് റിലീസ് ചെയ്തിട്ടില്ല. അത് ഏറ്റവും വേഗത്തിൽ റിലീസ് ചെയ്യും. ഫണ്ട് റിലീസ് ചെയ്ത് ഫാക്ടറികൾ നടത്തിക്കൊണ്ടുപോകുകയെന്നത് ഏറ്റവും പ്രധാന ആവശ്യമാണ്. വ്യവസായ വകുപ്പുമന്ത്രിയുമായും ധനകാര്യ വകുപ്പു മന്ത്രിയുമായും ഇക്കാര്യം ഇന്നലെ വൈകുന്നേരവും ചർച്ച ചെയ്തു. അതുസംബന്ധിച്ച തീരുമാനം ഉടൻ ഉണ്ടാകും.

VIII സബ്മിഷൻ

1. ടെക്സ്റ്റൈൽ ഷോറുമുകളിലെ സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ

മി. ചെയർമാൻ: ശ്രീ. വി. റ്റി. ബൽറാമും ഇതേ വിഷയം സബ്മിഷനായി നൽകിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കേരളത്തിലെ വൻകിട ടെക്സ്റ്റൈലുകളിലും ജ്വല്ലറികളിലും മാളുകളിലുമായി അനവധി സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ അവസ്ഥ അമ്പരപ്പിക്കുംവിധം പരിതാപകരമാണ്. രാവിലെ 9 മണിക്ക് ജോലിക്ക് കയറുന്ന ഇവർ രാത്രി 9 മണിവരെ ഒന്ന് ഇരിക്കാൻപോലും കഴിയാത്തവിധത്തിൽ ജോലി ചെയ്യേണ്ടിവരുന്നു. അറിയാതെ ഒന്നു ഇരുന്നു പോയാൽ അപ്പോൾത്തന്നെ മെമ്മോ കിട്ടും. വീട്ടിൽ നിന്നും കൊണ്ടുവരുന്ന ഉച്ചഭക്ഷണം കഴിച്ച് വിശപ്പടക്കുന്ന ഇവർക്ക് ആഹാരം കഴിക്കാൻപോലും ഒരിടമില്ല. അരമണിക്കൂർ പോലും വിശ്രമിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവസരം നൽകാറില്ല. പലയിടങ്ങളിലും ടോയ്ലെറ്റിൽ പോകുന്നതിനുപോലും കണക്ക് വയ്ക്കുന്നുണ്ട്. ഒരു തവണകൂടുതൽ പോകേണ്ടി വന്നാൽ അതിന്റെ പേരിൽ ശമ്പളംപിടിക്കുമെന്നാണ് ഭീഷണി. ഇവരിൽ മിക്കവർക്കും മിനിമം വേജസ് ആക്ട് പ്രകാരമുള്ള മിനിമം കൂലി പോലും കിട്ടുന്നില്ല. വനിതാ ദിനവും മറ്റും ആഘോഷിക്കാൻ വെമ്പൽകൊള്ളുന്ന സർക്കാർ ഈ കൊടിയ മനുഷ്യാവകാശലംഘനത്തിനെതിരെ ഒരു ചെറുവിരൽപോലും അനക്കാൻ തയ്യാറാകുന്നില്ല. തൊഴിൽ വകുപ്പ് നോക്ക് കുത്തിയാകുകയാണ്. ഇതിനെതിരെ ചോദ്യം ചെയ്യുന്നവരെ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിലേക്ക് സ്ഥലംമാറ്റി പീഡിപ്പിക്കുകയാണ്. തൃശ്ശൂരിൽ മാസങ്ങളായി ഇതിനെതിരെ സ്ത്രീ തൊഴിലാളികൾ നടത്തുന്ന ഇരിപ്പുസമരം കേരളസമൂഹത്തിനു തന്നെ നാണക്കേടാണ്. ഈ സമരം ഉടൻതന്നെ ഒത്തുതീർപ്പാക്കണം. ന്യായമായ വേതനവും വിശ്രമിക്കാനുള്ള സൗകര്യവും ഒരുക്കി തൊഴിലാളികളായ ഈ സഹോദരിമാരെ മനുഷ്യരായി പരിഗണിക്കുന്നതിന് സർക്കാരും തൊഴിൽ വകുപ്പുമന്ത്രിയും അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ വിഷയത്തിന്റെ പരിഹാരത്തിനായി ഒരു ബിൽ നമ്മൾ പാസ്സാക്കുകയും ചെയ്തു. കഴിഞ്ഞ മേയ് മാസത്തിലാണ് ഇത് വലിയൊരു സങ്കീർണ്ണ പ്രശ്നമായി പൊതുസമൂഹത്തിനുമുന്നിൽ ശ്രദ്ധിക്കപ്പെട്ടത്. അന്നുതന്നെ ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ കേരളത്തിലെ രണ്ടായിരത്തോളം കടകളിൽ പരിശോധന നടത്തി. അന്ന് പരിശോധന നടത്തിയപ്പോൾ വ്യാപകമായി നിയമലംഘനം നടക്കുന്നതായി ബോദ്ധ്യപ്പെട്ടതാണ്. എന്തുകൊണ്ട് കർശനമായി നിയമം പാലിക്കപ്പെടുന്നില്ലെന്ന് പരിശോധിച്ചപ്പോൾ, 1961-ലെ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരമുള്ള ശിക്ഷയും ഫൈനുമായിരുന്ന നിലവിലുണ്ടായിരുന്നത്. അമ്പത് വർഷത്തിലേറെയായി നമ്മൾ ആ ഫൈൻ പുതുക്കിയിട്ടില്ല. അമ്പത് രൂപയായിരുന്ന ഫൈൻ. അതുകൊണ്ട് ഫൈൻ കൊടുക്കാനും അവർ തയ്യാറാകും എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോയി. അതിനാൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നിയമം കൊണ്ടുവന്ന് ഫൈനുകളൊക്കെ ക്രമാതീതമായി വർദ്ധിപ്പിച്ചു. അമ്പത് രൂപ ഫൈൻ എന്നത് അയ്യായിരം രൂപ വരെ വർദ്ധിപ്പിച്ചു. റിപ്പീറ്റഡ് ഒഫൻസിന് പതിനായിരം രൂപയും ജയിൽ ശിക്ഷയും എന്ന വ്യവസ്ഥകൂടി കൊണ്ടുവന്ന് നിയമം പാസ്സാക്കിയിട്ടുണ്ട്. അതിന്റെ റൂൾസ് ഫ്രെയിം ചെയ്തിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ അപ്രൂവൽ കിട്ടിയാലുടൻതന്നെ നിയമം പ്രാബല്യത്തിൽ

വരും. അതുവഴി ശക്തമായ ഇടപെടലുകൾ നടത്താൻ സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്, അമ്പത് രൂപ ഫൈൻ എന്നതിന് ഒരുവിലയും കൽപ്പിക്കാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ നിയമം പാസ്സാക്കിക്കഴിഞ്ഞു. സബ്ജക്ട് കമ്മിറ്റിയുടെ അപ്രൂവൽ കിട്ടിയാലുടൻ നിയമം നിലവിൽ വരും. തൃശ്ശൂരിൽ നടക്കുന്ന സമരത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. 210 തൊഴിലാളികളുള്ള ഒരു സ്ഥാപനത്തിൽനിന്ന് ആറ് പേരെ ട്രാൻസ്ഫർ ചെയ്തു. ഇതുമായി ബന്ധപ്പെട്ടവർ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾതന്നെ തൊഴിൽ വകുപ്പുദ്യോഗസ്ഥർ ഡി.എൽ.ഒ. അടക്കം ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും ട്രേഡ് യൂണിയൻ നേതാക്കൻമാർക്കും അറിയാം, ട്രാൻസ്ഫർ എന്നത് മാനേജ്മെന്റിന്റെ അധികാരമാണെന്ന് ; അവർ സ്ഥാപിച്ചെടുക്കും. പത്തോ പതിനായിരമോ രൂപ ശമ്പളം കിട്ടുന്ന പാവപ്പെട്ട ഈ തൊഴിലാളികളെ കണ്ണൂരിലേയ്ക്കോ തിരുവനന്തപുരത്തേയ്ക്കോ ട്രാൻസ്ഫർ ചെയ്താൽ അവർക്ക് ജോലി ചെയ്യാൻ സാധിക്കില്ല എന്ന വസ്തുതയും നിലനിൽക്കുന്നു. ലേബർ ഓഫീസർ പലതവണ അനുരഞ്ജന ചർച്ച നടത്തിയെങ്കിലും കർക്കശമായ നിലപാടിൽ മാനേജ്മെന്റ് നിന്നതുകൊണ്ട് ചർച്ചകൾ പരാജയപ്പെട്ടു. തൃശ്ശൂരിലെ പ്രശ്നം അഡ്ജൂഡിക്കേഷന് തീരുമാനിച്ച് ലേബർ കോടതിയിലേയ്ക്ക് വിടുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം ഇടപെട്ട ഈ പ്രശ്നം വീണ്ടും മാനേജ്മെന്റുമായി ചർച്ച ചെയ്യാൻ ഞാൻ തയ്യാറാണ്. പക്ഷെ അതുകൊണ്ട് ഫലമുണ്ടാകുമെന്ന് തോന്നുന്നില്ല. പുതിയ നിയമം നിലവിൽ വരുമ്പോൾ കർശനമായ ഫൈൻ എങ്കിലും ഇംപോസ് ചെയ്യാം. ഇപ്പോൾ അമ്പത് രൂപയോ ഇരുന്നൂറ്റി അമ്പത് രൂപയോ മാത്രം ഫൈൻ ഇംപോസ് ചെയ്യിക്കാനുള്ള നിസ്സഹായാവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്. അതുകൊണ്ടാണ് പുതിയ നിയമം പാസ്സാക്കിയത്. ധിക്കാരപരവും നിഷേധാത്മകവുമായ സമീപനം കൈക്കൊള്ളുന്ന മാനേജ്മെന്റുകളെ ഒരു പരിധിവരെ വരുതിയിൽ നിർത്താൻ പുതിയ നിയമം വഴി കഴിയും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുന്നു. ഗവൺമെന്റിന്റെ ഇന്നത്തെ അധികാരമുപയോഗിച്ച് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതായിരിക്കും.

2. കേന്ദ്ര നിയമത്തിലെ അപാകത പരിഹരിക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കേന്ദ്ര നിയമത്തിലെ അപാകത പരിഹരിക്കുന്നതു സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പുതിയ കേന്ദ്ര നിയമം രാജ്യത്ത് നിലവിൽ വന്നതിനെത്തുടർന്ന് കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly